**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.6121** — **02/04/2018 ൽ മറുപടിക്ക്**

**ഖാദി മേഖലയുടെ ആധുനികവത്കരണം**

**ചോദ്യം**
**ശ്രീ. സി.കൃഷ്ണൻ**

**ഉത്തരം**
**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | |
|---|---|
| ഖാദി മേഖലയെ നിലനിർത്തുന്നതിനും, ആധുനികവത്കരിച്ച് മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | ഖാദി മേഖലയെ നിലനിർത്തുന്നതിനും ആധുനികവത്കരിച്ച് മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഖാദി മേഖലയിൽ ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടേയും തറികളുടേയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കുവാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിക്കുക, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കി വർദ്ധിപ്പിക്കുക, തൊഴിലാളികൾക്ക് ഈ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നിവയെല്ലാം ഈ മേഖലയിൽ കൈക്കൊണ്ടിട്ടുള്ള നടപടികളാണ്. കൂടാതെ അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി ഗ്രാമം പദ്ധതി, സംസ്ഥാന സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി അടിസ്ഥാന |

| | |
|---|---|
| | സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്ക് പകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയ പദ്ധതികളും ഖാദി മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ ആരംഭിക്കുന്ന ഗ്രാമവ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭങ്ങൾക്ക് ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുകയും മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സബ്സിഡി ആയി അനുവദിക്കുന്നുമുണ്ട്. |

**സെക്ഷൻ ഓഫീസർ**